(ബി) ഇതിനുള്ള ഒ. ഇ. സി. എഫ്. ധനസഹായം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ ;

(സി) എങ്കിൽ നഷ്ടപ്പെടാതിരിക്കാൻ എന്ത് നടപടിയാണ് കൈകൊള്ളുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കോഴിക്കോട് കനോലി കനാൽ നവീകരണം എത്രത്തോളമായി ;

(ഇ) 1999-2000 വർഷത്തിൽ ഇതിന്റെ പണി പൂർത്തീകരിക്കാൻ നടപടി കൈകൊള്ളുമോ ?

ഉത്തരം

(എ) ഇതിന്റെ ഭൂമി ഏറ്റെടുക്കാൻ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(ബി) ഇല്ല.

(സി) പദ്ധതി നിർവ്വഹണത്തിനായി കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച് നിയമസഭയ്ക്കകത്തും പുറത്തും ഉണ്ടായ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ആഗോളതലത്തിൽ ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം ഒ. ഇ. സി. എഫിനെ അറിയിക്കുകയും അവരുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. കൺസൾട്ടന്റിന്റെ നിയമനത്തിനുശേഷം മറ്റു നടപടികൾ എടുക്കുന്നതാണ്.

(ഡി) ഇതിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 1997-1998 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്. കനാലിന്റെ മൊത്തമുള്ള 11.2 കി.മീ നീളം 16 ഭാഗങ്ങളായി തിരിച്ചാണ് ടെണ്ടർ ചെയ്തത്. ഇവയിൽ 5, 16 ഭാഗങ്ങൾ ഒഴിച്ച് ബാക്കിയുള്ള 14 ഭാഗങ്ങളുടെയും പണി വിവിധ ഘട്ടങ്ങളിലാണ്. 6 ഭാഗങ്ങളുടെ പണി 80 ശതമാനവും, 1 ഭാഗത്തിന്റേത് 100 ശതമാനവും 2 ഭാഗങ്ങളുടേത് 50 ശതമാനവും, 3 ഭാഗങ്ങളുടേത് 60 ശതമാനവും ബാക്കി രണ്ടു ഭാഗങ്ങളുടേത് 30 ശതമാനവും പൂർത്തിയായിട്ടുണ്ട്. 5, 16 ഭാഗങ്ങളുടെ പണി വീണ്ടും ദർഘാസ് ക്ഷണിക്കേണ്ടതുണ്ട്. ആകെ ഏകദേശം 55% പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) കനോലി കനാലിന്റെ രണ്ടാംഘട്ടം നവീകരണ പദ്ധതിയിൽ ബാക്കിയുള്ള പണി ചെയ്തു തീർക്കുന്നതിനായി ഏകദേശം 350 ലക്ഷംരൂപ ആവശ്യമാണ്. 1999-2000 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളത് 75 ലക്ഷം രൂപയാണ്. പണത്തിന്റെ ലഭ്യതയനുസരിച്ച് പണി എത്രയും പെട്ടെന്നുതന്നെ ചെയ്തു തീർക്കാൻ ശ്രമിക്കുന്നതാണ്.

കൂടൽ ജലസേചന പദ്ധതി

83 (1995) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ കൂടൽ ജലസേചന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കും, ഏതൊക്കെ ആദിവാസി കോളനികൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കും ;

(സി) ഈ പദ്ധതി എന്നു കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; ഇതു പൂർത്തീകരിക്കുവാൻ താമസിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിലെ കൂടൽ പദ്ധതി സ്റ്റേജ് 1-ന്റെ പണി 1/88-ൽ പൂർത്തിയാക്കി പമ്പിംഗ് നടന്നുവരുന്നു. സ്റ്റേജ് 2-ന്റെ പണി പൂർത്തിയായിട്ടില്ല. പമ്പു സെറ്റുകളുടെ സ്ഥാപനവും, വയറിംഗും പൂർത്തിയാക്കാനുണ്ട്. വൈദ്യുതി കണക്ഷന് വൈദ്യുതി ബോർഡിൽ പണം അടച്ചിട്ടുണ്ട്.

(ബി) കൂടൽ സ്റ്റേജ് 1 പ്രകാരം 70.80 ഹെക്ടർ സ്ഥലത്തും കൂടൽ സ്റ്റേജ് 2 പ്രകാരം 182 ഹെക്ടർ സ്ഥലത്തും ജലസേചനം നടത്തുവാൻ കഴിയുന്നതാണ്. ഈ പദ്ധതി ജനറൽ സ്ക്കീമിൽ പെട്ടതായതിനാൽ ആദിവാസികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(സി) ഈ സാമ്പത്തിക വർഷം അവസാനത്തോടെ പണികൾ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എച്ച്.റ്റി. കണക്ഷൻ ലഭിച്ചാലുടൻ തന്നെ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എച്ച്.റ്റി. കണക്ഷൻ ലഭിക്കാത്ത കാരണമാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ താമസിക്കുന്നത്.

മൈനർ ഇറിഗേഷൻ പദ്ധതികൾ

84 (1996) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണി പൂർത്തിയാകാത്ത എത്ര മൈനർ ഇറിഗേഷൻ പദ്ധതികൾ ഉണ്ട് ;

(ബി) ഇവയുടെ പണി പുരോഗമിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വർക്കുകളിൽ പണി പൂർത്തിയാകാനുള്ള 123 മൈനർ ഇറിഗേഷൻ പദ്ധതികളുണ്ട്.

(ബി & സി) ഇവയിൽ 83 എണ്ണത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ബാക്കി 40 പണികൾ പുരോഗതി കൈവരിക്കാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു. കരാറുകാരന്റെ ഉദാസീനതമൂലം 4 പണികൾ മന്ദഗതിയിലായി. മൈനർ ഇറിഗേഷന്റെ ലിഫ്റ്റ് ഇറിഗേഷൻ വിഭാഗത്തിൽ പമ്പും മോട്ടോറും ലഭിക്കാനും വൈദ്യുതീകരണത്തിനുമുള്ള താമസംമൂലം 19 പദ്ധതികൾ മന്ദഗതിയിലായി. പ്രിമോ പൈപ്പ് ലഭിക്കാത്തതുകാരണം 2 പദ്ധതികളുടേയും

LIBRARY ARCHIVES Kerala Legislative Assembly